**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3872** **27-10-2021 - ൽ മറുപടിയ്ക്ക്**

**ഇൻസോൾവൻസി ആക്റ്റിലെ പരിമിതികൾ/പഴുതുകൾ ദുരുപയോഗം ചെയ്യൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | അടുത്ത കാലങ്ങളിലായി കേരളത്തിലങ്ങോളമിങ്ങോളം പൊതുജനങ്ങളുടെ ആജീവനാന്ത സമ്പാദ്യങ്ങൾ പലരീതിയിൽ തട്ടിയെടുക്കുന്ന സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ തട്ടിപ്പ് നടത്തിയതിനു ശേഷം, നിക്ഷേപകർക്ക് നഷ്ടപ്പെട്ട തുക അന്വേഷണ ഉദ്യോഗസ്ഥർ കണ്ടെത്തിയാൽപോലും ഇൻസോൾവൻസി ആക്റ്റിലെ പരിമിതികൾ/പഴുതുകൾ ദുരുപയോഗം ചെയ്തുകൊണ്ട് തിരികെ കിട്ടുവാൻ നിർവാഹമില്ലാതെ വരുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (എ) | പൊതുജനങ്ങളുടെ സമ്പാദ്യങ്ങൾ തട്ടിയെടുക്കുന്ന സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളുടെ ചെയ്തികൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ നിലവിലെ നിയമ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കി ആവശ്യമായ തെളിവുകൾ ശേഖരിച്ച് കുറ്റപത്രം ബഹു:കോടതികളിൽ സമർപ്പിച്ച് വരുന്നു. നിക്ഷേപകരുടെ നഷ്ടപ്പെട്ട മുതലുകൾ വീണ്ടെടുത്തു കൊടുക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. ബഹു:കോടതികളുടെ പരിഗണനയിൽ ഇടരുന്നതിനാൽ മുതലുകളെ സംബന്ധിച്ച് അന്തിമതീരുമാനം ബഹു:കോടതികളുടെ ഉത്തരവിനനുസൃതമായി മാത്രമേ കഴിയുകയുള്ളൂ |
| (ബി) | ഇൻസോൾവൻസി ആക്റ്റ് പ്രകാരം ഫയൽ ചെയ്തുകഴിഞ്ഞാൽ ആ വ്യക്തിക്കെതിരെ സിവിൽ, ക്രിമിനൽ കേസുകൾ മറ്റു കോടതികളിൽ സ്വീകരിക്കാൻ സാധിക്കാതെവരുകയും എന്നാൽ തട്ടിപ്പ് നടത്തുന്ന ആൾ/ധനകാര്യ സ്ഥാപന ഉടമ ഏത് കോടതിയിൽ വേണമെങ്കിലും റിട്ട് സമർപ്പിക്കുകയും സർഫാസി ആക്റ്റ്, ആർബിട്രേഷൻ ട്രിബ്യൂണൽ ആക്റ്റ് എന്നിവ ഉപയോഗിച്ച് കൊണ്ട് തട്ടിയെടുത്ത ബിനാമി വസ്തുവകകൾ വിൽക്കുകയും ചെയ്യുന്നത് കാരണം പൊതുജനങ്ങളുടെ ധനം നഷ്ടമാകുന്ന സാഹചര്യം ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് പരിശോധിക്കാമോ; | (ബി) | സാധ്യമായ നിയമനടപടികൾ പരിശോധിക്കാവുന്നതാണ്. |
| (സി) | പൊതുജനങ്ങളെ കബളിപ്പിക്കുന്ന ധനകാര്യ സ്ഥാപനങ്ങൾ അവരുടെ സമ്പാദ്യം ഉപയോഗിച്ചുകൊണ്ട് വസ്തു വകകൾ വാങ്ങിക്കുകയും സ്ഥാപനങ്ങൾ ആരംഭിക്കുകയും ആയവ മറ്റു സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിൽ | (സി) | കേന്ദ്ര നിയമങ്ങൾ ബാധകമാകുന്ന വിഷയങ്ങൾ അവ നടപ്പിലാക്കുന്ന ഏജൻസികളുടെ ശ്രദ്ധയിൽപെടുത്തുന്നുണ്ട്. |

| | | | |
|---|---|---|---|
| | പണയപ്പെടുത്തുകയും ആ തുക സ്വന്തം പേരിലും ബിനാമികളുടെ പേരിലും ആസ്തിയായി മാറ്റുകയും അന്വേഷണം നടക്കുന്ന ഘട്ടത്തിൽ സർഫാസി ആക്ട് ദുരുപയോഗം ചെയ്ത് സമാന സ്വഭാവമുള്ള മറ്റ സ്ഥാപനങ്ങളുടെ പേരിൽ മാറ്റി കൊടുക്കുകയും ചെയ്യുന്നതിനാൽ, പൊതുജനങ്ങളുടെ സമ്പാദ്യം തിരികെ ലഭിക്കുന്നതിനുതകുന്ന വിധത്തിൽ സർഫാസി ആക്ടിൽ കാലോചിതമായ മാറ്റം വരുത്തുവാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുമോയെന്ന് അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ